തീ വെച്ച കേസുകൾ

121 (781) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര തീ വയ്പുകേസുകൾ വിവിധ സ്റ്റേഷനുകളിലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ കേസുകളിലെ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. എത്ര കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യാനുണ്ട് ; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) തീ വയ്പ്പിന് ഇരയാകുന്ന കെട്ടിടമുടമകൾ, താമസക്കാർ, കച്ചവടക്കാർ എന്നിവർക്ക് എന്തെല്ലാം ധനസഹായങ്ങൾ നൽകിവരുന്നുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ തീ വയ്പു കേസുകളിലും വന്നിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ നഷ്ടം കണക്കാക്കപ്പെട്ട കേസുകൾ ഏതെല്ലാം ; എത്ര വീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1628 കേസുകൾ. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട് *.

(ബി) 2593 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. 638 കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യാനുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

കേരളാ പോലീസിലെ വനിതാ ഉദ്യോഗസ്ഥരുടെ എണ്ണം

122 (788) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ വനിതാ സബ് ഇൻസ്പെക്ടർമാർ മുതൽ ഉന്നത ഉദ്യോഗം വഹിക്കുന്നവരുടെ എണ്ണം എത്രയാണ് ; റാങ്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly